പോലീസ് വകുപ്പ്

കേരളം

**C No. 2718924/2019**
Kozhikkode Kasaba Police Station
തീയതി. 23-11-2019

**ലേല പരസ്യം**

കോഴിക്കോട് സിറ്റി പാവമണി റോഡിൽ കേരളാ പോലീസ് ഹൌസിംഗ് കൺസ്ട്രക്ഷൻ കോർപറേഷൻ ഓഫീസും ട്രോമകെയർ ഓഫീസും സ്ഥിതി ചെയ്യുന്ന കോമ്പൌണ്ടിൽ സ്ഥിതിചെയ്യുന്ന ഒരു വട്ട മരം മുറിച്ചുമാറ്റുന്നതിനായി കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവായ പ്രകാരം 29 .12.19 തീയ്യതി 11.00 മണിക്ക് കസബ പോലീസ് സ്റ്റേഷനിൽ വെച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ്.

ലേല നിബന്ധനകൾ:-

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരത്ത ദ്രവ്യമായി 100/- രൂപ (നൂറ് രൂപ) അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതും ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതും ലേലം ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി ശരിവെച്ച ശേഷം ബാക്കി തുക അനുബന്ധ നികുതികൾ സഹിതം അടക്കേണ്ടതുമാണ്. മരം മുറിച്ച് നീക്കം ചെയ്യുമ്പോൾ ആളുകൾക്കും ഗവർമെന്റ് വകയോ അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുക്കൾക്കോ അപകടമോ കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ ആയതിൻറെ പൂർണ ഉത്തരവാദിത്തം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുന്നതും ആണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 10 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതാണ്. ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം മാറ്റി വെക്കുന്നതിനും നിർത്തി വെക്കുന്നതിനും ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തീയ്യതിക്ക് 5 ദിവസം മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 11.00 മണിമുതൽ 17.00 മണിവരെയുള്ള സമയത്ത് കസബ പോലീസ് സ്റ്റേഷൻ റൈറ്ററുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

ഹരി പ്രസാദ് ആർ
സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് (ic)

2718924/2019 785401